KERALA INSTITUTE OF LOCAL ADMINISTRATION
An autonomous body constituted by the Government of Kerala

Ph : Off (0487) 2200244, 2201768.
2201061,2201403.
Guest House : 2201779.
Fax: (0487) 2201062.
E-mail : kila@md2.vsnl.net.in
mail@kilaonline.org
Website: www.kilaonline.org

**No. 13/2015/STRC/KILA** **17/01/2015**

**സ്വീകർത്താവ്**

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും

**സർ,**

വിഷയം: സേവനാവകാശ നിയമം 2012 - ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കുള്ള തുടർപരിശീലനം

സൂചന: പഞ്ചായത്തു ഡയറക്ടറുടെ 5-1-2015 ലെ $E_{12}$-48616/2014-ാം നമ്പർ കത്ത്

2012 ലെ സേവനാവകാശ നിയമപ്രകാരം സംസ്ഥാനത്തുള്ള ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരിൽ സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്ക്, ക്ലാർക്കുമാരിൽ നിന്നും 3 പേർ (സീനിയർ ക്ലർക്കുമാർ ഉൾപ്പെടെ) എന്നിവർക്കുവേണ്ടി ഒരു പരിശീലനപരിപാടി നടത്തിയെങ്കിലും മേൽപറഞ്ഞ വിഭാഗങ്ങളിലെ മുഴുവൻ ജീവനക്കാരും പരിശീലനത്തിൽ പങ്കെടുത്തിട്ടില്ല. കൂടാതെ അസി.സ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ്, ക്ലാർക്കുമാർ, സീനിയർ ക്ലർക്കുമാർ എന്നിവരിലെ മറ്റുള്ളവർ, ഓഫീസ് അറ്റന്റുമാർ എന്നിവരെ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുവാനും കഴിഞ്ഞിട്ടില്ല.

സൂചനയിൽ പറഞ്ഞ കത്തു പ്രകാരം പഞ്ചായത്തു ഓഫീസ്സിലെ സെക്രട്ടറി മുതൽ ഓഫീസ് അറ്റന്റ് വരെയുള്ള മുഴുവൻ ജീവനക്കാർക്കും ട്രെയിനിംഗ് നൽകണമെന്ന് പഞ്ചായത്തു ഡയറക്ടർ കിലയോട് ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ 2015 ഏപ്രിൽ ആദ്യവാരം മുതൽ ഈ ട്രെയിനിംഗ് എല്ലാ തസ്തികയിലേയും മുഴുവൻ ജീവനക്കാർക്കും നൽകുന്നതിന് കില തീരുമാനിച്ചിട്ടുണ്ട്.

ട്രെയിനിംഗ് തുടരുന്നതിന്റെ പ്രാരംഭമായി ഓരോ പഞ്ചായത്തിൽ നിന്നും ഇനിയും എത്രപേർ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതുണ്ടെന്നുള്ള വിവരം ലഭിക്കേണ്ടതുണ്ട്. എന്നാൽ ഈ വിവരം കിലയിൽ ലഭ്യമല്ല. ആയതിനാൽ 2014-2015 ൽ കില നടത്തിയ സേവനാവകാശ ട്രെയിനിംഗിൽ പങ്കെടുക്കാത്ത താങ്കളുടെ ജില്ലയിലുള്ള പഞ്ചായത്തുകളിലെ മുഴുവൻ ഉദ്യോഗസ്ഥരുടേയും (സെക്രട്ടറി മുതൽ ഓഫീസ് അറ്റന്റ് വരെ) വിവരങ്ങൾ ഇതോടനുബന്ധിച്ചുള്ള പ്രൊഫോർമയിൽ കിലയിലേക്ക് എത്രയും വേഗം അയച്ചുതരുന്നതിന് വേണ്ട നിർദ്ദേശം എല്ലാ പഞ്ചായത്തിലെ സെക്രട്ടറിമാർക്കും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

**ഡോ.പി.പി.ബാലൻ**
ഡയറക്ടർ, കില

ഉള്ളടക്കം

പ്രൊഫോർമ

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രൊഫോർമ അടക്കം അയക്കുന്നു. മുകളിൽ സൂചിപ്പിച്ച പ്രകാരം ട്രെയിനിംഗിൽ പങ്കെടുക്കേണ്ട എല്ലാ ഉദ്യോഗസ്ഥരേയും സംബന്ധിച്ചുള്ള വിവരങ്ങൾ പ്രൊഫോർമയിൽ താഴെ ചേർത്ത ഇ-മെയിലിൽ 31-1-2015 നകം അയച്ചു തരുവാൻ താല്പര്യപ്പെടുന്നു. (E-mail –kilastrc@gmail.com)
2. കില വെബ്സൈറ്റ്

N.B: കൂടുതൽ വിവരങ്ങൾക്ക് 9895287950 എന്ന മൊബൈൽ നമ്പറുമായി ബന്ധപ്പെടുക

നമ്പർ................ ....................പഞ്ചായത്ത് ഓഫീസ്

## പ്രൊഫോർമ

പഞ്ചായത്തിന്റെ പേര്:............................... ബ്ലോക്ക് .........................
ജില്ല ..................

പഞ്ചായത്ത് ഇ-മെയിൽ ഐ ഡി: ............................

സെക്രട്ടറിയുടെ പേരും മൊബൈൽ നമ്പറും: ..........................

ഓഫീസ് ഫോൺ നമ്പർ: ......................................

ട്രെയിനിംഗിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | തസ്തിക | ഈമെയിൽ വിലാസം | മൊബൈൽ നമ്പർ |
|---|---|---|---|---|
| | | | | |

സെക്രട്ടറി

...................ഗ്രാമപഞ്ചായത്